## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം 72 07.02.2013 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പുനഃസംഘടന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |

| | | |
| --- | --- | --- |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുന:സംഘടിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക(എംപ്ലോയബിലിറ്റി സെന്റർ)എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) തൊഴിൽ രഹിതരെ ഏതെങ്കിലും മേഖലയിൽ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | തൊഴിൽ രഹിതരെ വിവിധ തൊഴിൽ മേഖലകളിൽ പ്രാപ്തരാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്റർ മുഖേന ചുവടെ ചേർക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:<br>(i) തൊഴിൽ അന്വേഷകരായ അഭ്യസ്തവിദ്യരുടെ രജിസ്ട്രേഷൻ ഓൺലൈനായി നടത്തുക.<br>(ii) അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തുക<br>(iii) അവരുടെ കഴിവുകൾക്കനുസൃതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.<br>(iv) മേൽപ്പറഞ്ഞ രീതിയിൽ വിലയിരുത്തപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വ്യക്തിത്വവികസന പരിശീലനം, തൊഴിൽ അധിഷ്ഠിത പരിശീലനം തുടങ്ങിയവ നൽകുക. |

| | | |
|---|---|---|
| | | (v) സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലുടമകളുടെ സഹകരണത്തോടെ ഇപ്രകാരം പരിശീലനം സിദ്ധിച്ച് തൊഴിൽ നൈപുണ്യം നേടിയവർക്ക് തൊഴിൽ നേടുന്നതിനുള്ള അവസരമൊരുക്കുക. |
| (സി) രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ? | (സി) | ഉൾപ്പെടുത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് എംപ്ലോയബിലിറ്റി സെന്റർ മുഖേന തൊഴിൽ നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ